കൊട്ടാര പാലം പൊളിച്ചുമാറ്റുന്ന ജോലികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ചന്ദനക്കാവ് പ്രദേശത്തും, ചുങ്കം പ്രദേശത്തും രണ്ട് ദിവസം ജലവിതരണത്തിൽ ഭാഗികമായ തടസ്സമുണ്ടായിട്ടുണ്ട്. ആഴ്ചകളോളം ജലവിതരണം മുടങ്ങിയിട്ടില്ല.

(ചോദ്യനമ്പർ 3444 ന്റെ ഉത്തരം ലഭിച്ചിട്ടില്ല)

എറണാകുളം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

45 (3443)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഈ വേനലിൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ പരിപാടി എന്നുമുതൽ ആരംഭിക്കും;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇപ്പോൾ കുടിവെള്ളമെത്തിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ജില്ലാ കളക്ടറുടെ നിർദ്ദേശത്തിൽ പഞ്ചായത്ത്/കോർപ്പറേഷൻ അധികൃതരുടെ സഹകരണത്തോടെ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലോറികൾ വഴി കുടിവെള്ളം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പഴകിയതും ദ്രവിച്ചതുമായ പൈപ്പുകൾ മാറ്റിയിട്ടും പൈപ്പുലൈനുകൾ നീട്ടിയും ലീക്കുകൾ യഥാസമയം പരിഹരിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) വൈപ്പിൻ, ഞാറയ്ക്കൽ, കടമക്കുടി, വടക്കേക്കര പഞ്ചായത്തിൽ ചെത്തിക്കാട്, മുളവുകാട് എന്നീ സ്ഥലങ്ങളിൽ ലോറികളിലും വാർഡുകളിലും വെള്ളം എത്തിക്കുന്നുണ്ട്. കൂടാതെ കൊച്ചി കോർപ്പറേഷനിലെ 3,4,5,18,19,23,31,36,44,47,50 എന്നീ ഡിവിഷനുകളിൽ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പൈപ്പുലൈൻ നീട്ടിയും കണയന്നൂർ കുരിക്കാട്, ചോറ്റാനിക്കര പഞ്ചായത്തിൽ നാഗപ്പടിയിൽ കീഴുമാട്, കരുമാലൂരിൽ വാർഡ് 1,2 ഇടത്തല പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള കേടുവന്ന പൈപ്പുലൈനുകൾ മാറ്റി സ്ഥാപിച്ചും കുടിവെള്ളമെത്തിക്കുവാൻ ഉദ്ദേശിക്കുന്നു.

വാട്ടർ അതോറിറ്റിയിലെ പ്രൊവിഷണൽ ജീവനക്കാർ

46 (3446)ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-ലെ സുപ്രീംകോടതി ഉത്തരവു പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ സ്ഥിരപ്പെടുത്തേണ്ട പ്രൊവിഷണൽ ജീവനക്കാരുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാരെ വീതം റഗുലറൈസ് ചെയ്യുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 19.9.1990-ലെ സുപ്രീം കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ള താഴെപ്പറയുന്ന താൽക്കാലിക ജീവനക്കാരെ ഇനിയും സ്ഥിരപ്പെടുത്തിയിട്ടില്ല.

1. 4.8.86 നുശേഷം കേരള വാട്ടർ അതോറിറ്റിയിൽ നിയമിതരായവരും 19.9.90-ൽ ഒരു വർഷത്തിൽ കൂടുതൽ സർവ്വീസുള്ളവരും എന്നാൽ നിശ്ചിത യോഗ്യതയില്ലാത്തവരുമായ 32 പേർ.

2. 19.9.90-ൽ ഒരു വർഷത്തിൽ കുറവ് സർവ്വീസുള്ള 171 പേർ.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

ദണ്ഡപാണി കമ്മീഷൻ ശുപാർശ

47 (3447)ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചുവർഷം സർവ്വീസുള്ള എൻ.എം.ആർ ജീവനക്കാരെ, റഗുലറൈസ് ചെയ്യണമെന്ന് ദണ്ഡപാണി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പതിനഞ്ചു വർഷം വരെ സർവ്വീസുള്ള എൻ.എം.ആർ. കാരെ റഗുലറൈസ് ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) എൻ.എം.ആർ. ആയി ജോലി നോക്കുന്ന കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ നിർവചിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ പ്രസ്തുത തസ്തികകളിൽ റഗുലറൈസ് ചെയ്യുന്നതിനെതിരായി കോടതി സ്റ്റേ നിലവിലുള്ളതുകൊണ്ടും പി. എസ്.സി. കൺകറൻസ് ലഭിക്കുന്നതിന് പ്രയാസമായതിനാലും ഇത്തരക്കാരെ റഗുലറൈസ് ചെയ്യുവാൻ നിയമം അനുവദിക്കുന്നില്ല. കേസ്സിൽ അനുകൂലമായ തീർപ്പുണ്ടാക്കാൻ ഇത്തരക്കാരെ റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ യോഗ്യതയുള്ളവരും അല്ലാത്തവരേയും തരം തിരിച്ച് ലിസ്റ്റ് ഉണ്ടാക്കിയപ്പോൾ യോഗ്യതയുണ്ടായിട്ടും ലിസ്റ്റിൽനിന്നും അവിചാരിതമായ കാരണങ്ങളാൽ വിട്ടുപോയ ചിലരെ യോഗ്യത പരിശോധിച്ച് റെഗുലറൈസ് ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയിലെ നിയമനം

48 (3448)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിലുള്ള എല്ലാ വിഭാഗം തസ്തികകളിലും പട്ടികജാതി/പട്ടികവർഗ്ഗ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly